(സി) എൽ.ഡി. ടൈപ്പിസ്റ്റ് (മലയാളം) റാങ്ക് ലിസ്റ്റിൽ നിന്നും സമാന തസ്തികയായ എൽ.ഡി. ടൈപ്പിസ്റ്റ് (ഇംഗ്ലീഷ്) തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിലെ സമാന യോഗ്യതയും സമാന ശമ്പള സ്കെയിലുകളുമുള്ള തസ്തികകൾക്ക് ഒരു പൊതു വിജ്ഞാപനത്തിലൂടെ അപേക്ഷകൾ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന രീതിയാണ് വർഷങ്ങളായി നിലവിലുള്ളത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

63 (689) ആശ്രിത നിയമന പദ്ധതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമന പദ്ധതിയുടെ പരിധിയിൽ ഏതെല്ലാം വകുപ്പുകൾ ഉൾപ്പെടും;

(ബി) സർവ്വീസ് നീട്ടിക്കൊടുത്തവരുടേയും പുനർനിയമനം നൽകിയവരുടേയും ആശ്രിതർക്ക് ഈ ആനുകൂല്യം നൽകാത്തതെന്തുകൊണ്ടാണ്;

(സി) ഈ ആനുകൂല്യം കിട്ടാൻ അർഹതയുള്ളവർ ആരെല്ലാമാണ്;

(ഡി) മരിച്ചുപോയ സർക്കാർ ജീവനക്കാരന്റെ മകൻ/മകൾ എന്നിവർ മനോരോഗംമൂലമോ മറ്റുവിധത്തിലോ ഉദ്യോഗത്തിനർഹരല്ലാതിരിക്കുകയും വിഭാര്യനോ ഭാര്യയ്ക്കോ അൻപതു വയസ്സിലധികം പ്രായമുണ്ടായിരിക്കുകയും ചെയ്താൽ മറ്റാർക്കെങ്കിലും ആശ്രിത നിയമനം നൽകാൻ വ്യവസ്ഥയുണ്ടോ; ഇല്ലാത്തപക്ഷം അക്കാര്യത്തിന് വ്യവസ്ഥയുണ്ടാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളും ഉൾപ്പെടും.

(ബി) പെൻഷൻ പ്രായത്തിനു മുമ്പ് മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് തൊഴിലാനുകൂല്യം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ആയതിനാലാണ് സർവ്വീസ് നീട്ടികൊടുത്തവരുടേയും (അദ്ധ്യയന വർഷാവസാനം വരെ സർവ്വീസിൽ തുടരുന്ന അദ്ധ്യാപകരൊഴിച്ച്) പുനർനിയമനം നൽകിയവരുടേയും ആശ്രിതർക്ക് ഈ ആനുകൂല്യം നൽകാത്തത്.

(സി) 24.51999-ലെ ജി.ഒ.(പി) നം.12/99/പി.ആന്റ് എ.ആർ.ഡി. എന്ന പരിഷ്ക്കരിച്ച ഉത്തരവ് പ്രകാരം വിധവ/വിഭാര്യൻ, മകൻ, മകൾ എന്നിവരാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളവർ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിധവ/വിഭാര്യൻ എന്നിവർക്ക് പെൻഷൻ പ്രായത്തിനു മുമ്പ് എപ്പോൾ വേണമെങ്കിലും അപേക്ഷ സമർപ്പിക്കുവാൻ വ്യവസ്ഥയുണ്ട്. സർക്കാർ ജീവനക്കാരന്റെ വിധവ/വിഭാര്യൻ, മകൻ, മകൾ എന്നിവർക്കു മാത്രമേ തൊഴിലാനുകൂല്യത്തിന് അർഹതയുള്ളു.

64 (690) ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിലേക്ക് നിയമനം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിലേയ്ക്ക് നിയമനത്തിനായി പബ്ലിക് സർവ്വീസ് കമ്മിഷൻ അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നാണ് അപേക്ഷ ക്ഷണിച്ചത്;

(സി) എത്ര അപേക്ഷകൾ പി.എസ്.സി.ക്ക് ലഭിച്ചു;

(ഡി) ഈ നിയമനത്തിനുവേണ്ടിയുള്ള എഴുത്തു പരീക്ഷ നടത്തുകയുണ്ടായോ; എങ്കിൽ എന്നാണ് നടത്തിയത്;

(ഇ) ഈ തസ്തികയിലേയ്ക്ക് ഉടൻ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേകം പ്രത്യേകം അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി) 29.12.98-ലേയും, 26.5.98-ലേയും ഗസറ്റ് വിജ്ഞാപനം പ്രകാരം ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും യഥാക്രമം അപേക്ഷ ക്ഷണിച്ചിരുന്നു.

(സി) ആകെ 134.

(ഡി) ഇല്ല.

(ഇ) തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി കാലതാമസം കൂടാതെ നിയമന ശുപാർശ നൽകുന്നതാണ് എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

65 (691) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലെ നിയമനം

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഡ്രൈവർ തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമനത്തിനായി പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണ്; വർഷങ്ങൾ കഴിഞ്ഞിട്ടും നിയമനത്തിന് വേണ്ട ലിസ്റ്റ് തയ്യാറാക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഇനി എന്തെല്ലാം നടപടികൾ എടുക്കുവാനുണ്ട് എന്നും ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly